# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.199 | 08.03.2017- ൽ മറുപടിയ്ക്ക് |

## ഗുഡ്സ് ആന്റ് സർവ്വീസ് ടാക്സ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഇ.കെ.വിജയൻ<br>,, എൽദോ എബ്രഹാം<br>ശ്രീമതി സി.കെ. ആശ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ഗുഡ്സ് ആന്റ് സർവ്വീസ് ടാക്സ് നിലവിൽ വരുമ്പോൾ നികുതി വിഹിതം പങ്കിടുന്നത് സംബന്ധിച്ച് കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ ധാരണയായിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ചരക്ക് സേവന നികുതി നിലവിൽ വരുമ്പോൾ സംസ്ഥാനത്തിനകത്ത് നടക്കുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും എല്ലാ സപ്ലൈകൾക്കും ഒരേ നിരക്കിൽ CGST യും SGST യും ചുമത്തപ്പെടും. അന്തർസംസ്ഥാന സപ്ലൈകളിൽ IGST യാണ് ചുമത്തപ്പെടുക. ഇത് CGST – SGST നിരക്കുകൾ ചേർന്നതായിരിക്കും. ചരക്ക് സേവന നികുതി പ്രാപ്യസ്ഥാന നികുതിയായതിനാൽ ഏതു സംസ്ഥാനത്തേക്കാണോ കൈമാറ്റം ചെയ്യപ്പെടുന്നത് ആ സംസ്ഥാനത്ത് അതിനാസ്പദമായ SGST ലഭിക്കും. സ്വീകർത്താവിന് ഇതിനുള്ള Input Tax Credit ഉം ലഭിക്കുന്നതുമാണ്. |
| (ബി) | നിലവിൽ ഏതൊക്കെ കാര്യങ്ങളിലാണ് കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ അഭിപ്രായ വ്യത്യാസം നിലനിൽക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | കരട് നിയമത്തിന്റെ വകുപ്പ് തിരിച്ചുള്ള വിശദമായ ചർച്ച, നഷ്ടപരിഹാര നിയമത്തെപ്പറ്റിയുള്ള ചർച്ച എന്നിവ ജി.എസ്.ടി യോഗങ്ങളിൽ നടന്നു വരുന്നു. ഇതുവരെയും കേന്ദ്രമോ സംസ്ഥാനങ്ങളോ അവരുടെ അഭിപ്രായം അടിച്ചേൽപ്പിക്കുന്ന രീതിയിൽ ഒരു വോട്ടിംഗ് നിലയിലോട്ട് പോയിട്ടില്ല. പരമാവധി വിട്ടുവീഴ്ചകൾ ചെയ്ത് ഏകകണ്ഠമായ തീരുമാനം എടുക്കാനാണ് സാധ്യത.<br>പ്രസ്തുത യോഗങ്ങളിൽ തീരുമാനത്തിൽ |

| | | | |
|---|---|---|---|
| | | | നടക്കുന്ന സപ്ലൈകൾ കേന്ദ്ര നിയമത്തിന്റെ പരിധിയിൽ കൊണ്ടു വരണമെന്ന നിർദ്ദേശം ഉണ്ടായി. കൂടാതെ നിലവിലുള്ള സേവന നികുതി ദാതാക്കളുടെയും അന്തർ സംസ്ഥാന സപ്ലൈകളുള്ള ഡീലർമാരുടെയും ഭരണ നിർവ്വഹണം കേന്ദ്രത്തിന് മാത്രമായി വിട്ടുനൽകണമെന്നും കേന്ദ്രം അഭിപ്രായപ്പെടുകയുണ്ടായി. ഇതിനെ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ശക്തമായി എതിർക്കുകയും ഇതിന്റെ ഫലമായി ഒന്നര കോടി രൂപ വരെ വിറ്റു വരവുള്ള സപ്ലൈകളിൽ 9:1 എന്ന അനുപാതത്തിൽ സംസ്ഥാന കേന്ദ്ര സർക്കാരുകളും അതിനു മുകളിലുള്ളവ 1:1 എന്ന അനുപാതത്തിലും വീതം വയ്ക്കാൻ തത്ത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | ഗുഡ്സ് ആന്റ് സർവ്വീസ് ടാക്സ് നടപ്പിലാകുമ്പോൾ സംസ്ഥാനങ്ങൾ നേരിടുന്ന വരുമാന നഷ്ടം ഏതൊക്കെ തരത്തിൽ പരിഹരിക്കുമെന്നാണ് കേന്ദ്രം നിർദ്ദേശിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | (സി) | ജി.എസ്.ടി നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം കേന്ദ്രം നികത്തണമെന്ന് സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ഈ ആവശ്യം നിയമമായിട്ടുണ്ട്. ചരക്കുസേവന നികുതി നടപ്പിലാക്കുമ്പോൾ 2015-16 ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ്, വർഷം തോറും കണക്കാക്കി ആദ്യ അഞ്ചുവർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് പൂർണ്ണമായി നഷ്ടപരിഹാരം നൽകുന്നതാണെന്ന വ്യവസ്ഥ GST Compensation Act - ൽ ഉൾപ്പെടുത്തണമെന്ന് GST കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. ഇതുകൊണ്ട് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ജി.എസ്.ടി പ്രതികൂലമായി ബാധിക്കുകയില്ലെന്നാണ് കരുതുന്നത്. |

സെക്ഷൻ ഓഫീസർ